**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2162** **12-12-2022 - ൽ മറുപടിയ്ക്ക്**

**ക്ഷീരമേഖലയിലെ സർക്കാർ പരിപാടികളിലെ പ്രോട്ടോകോൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സർക്കാർ പരിപാടികൾക്കുള്ള പ്രോട്ടോകോൾ കൂടാതെ ക്ഷീരമേഖലയ്ക്ക് മാത്രമായി ബാധകമാകുന്ന പ്രോട്ടോകോൾ ഉത്തരവ് പുറപ്പെടുവിക്കാൻ വകുപ്പ് സെക്രട്ടറിക്ക് പൊതുഭരണ വകുപ്പ് അനുമതി നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ പ്രസ്തുത അനുമതിയുടെ പകർപ്പ് ലഭ്യമാക്കാമോ; | (എ) | ഇല്ല |
| (ബി) | ക്ഷീരമേഖലയ്ക്ക് മാത്രമായി ബാധകമാകുന്ന 19.10.2022-ലെ നമ്പർ ഡി.2/81/2022/ഡി.ഡി. പ്രോട്ടോകോൾ ഉത്തരവ് പുറപ്പെടുവിക്കാൻ ക്ഷീരവികസന വകുപ്പ് സെക്രട്ടറിക്ക് അധികാരമുണ്ടോ എന്ന് വ്യക്തമാക്കാമോ; പ്രസ്തുത ഉത്തരവിൽ എം.പി. മാരെ ഉൾപ്പെടുത്താതിരുന്നതിനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കാമോ; | (ബി) | ക്ഷീരമേഖലയുമായി ബന്ധപ്പെട്ട പൊതുചടങ്ങുകളിൽ അനുവർത്തിക്കേണ്ട പ്രോട്ടോകോൾ സംബന്ധിച്ച 19.10.2022-ലെ കത്തിലെ നിർദ്ദേശത്തിനെതിരെ പരാതി ഉയർന്നതിനെ തുടർന്ന് ഇക്കാര്യം പൊതുഭരണ വകുപ്പുമായി ചേർന്ന് പരിശോധിച്ച് വരുന്നു. |
| (സി) | സഹകരണ സ്ഥാപന ഭരണ സമിതി അംഗങ്ങൾക്ക് സർക്കാർ പ്രോട്ടോകോൾ ബാധകമാണോ എന്ന് വ്യക്തമാക്കാമോ; | (സി) | നിലവിൽ ബാധകമല്ല. |
| (ഡി) | മിൽമ ചെയർമാന് സർക്കാർ പ്രോട്ടോകോൾ ബാധകമാണോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ ടിയാന്റെ പ്രോട്ടോകോൾ പ്രകാരമുള്ള സ്ഥാനം എന്താണെന്ന് വ്യക്തമാക്കാമോ? | (ഡി) | നിലവിൽ ബാധകമല്ല |

സെക്ഷൻ ഓഫീസർ